# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 374 — 19-03-2013-ൽ മറുപടിക്ക്

### കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) വൈദ്യുതി നൽകിയ ഇനത്തിൽ വിവിധ വകുപ്പുകളും, പൊതുമേഖലാസ്ഥാപനങ്ങളും, സർക്കാർ അധീനതയിലുള്ള ബോർഡ് കോർപ്പറേഷനുകളും കെ. എസ്. ഇ. ബി ക്ക് പണം നൽകുന്നതിൽ കാലവിളംബം വരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയിനത്തിൽ എത്ര കോടി രൂപ ലഭിക്കാനുണ്ടെന്നറിയിക്കുമോ ; | (എ) (എ) വൈദ്യുതി നൽകിയ ഇനത്തിൽ വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ അധീനതയിലുള്ള ബോർഡ്/ കോർപ്പറേഷനുകളും കെ.എസ്.ഇ.ബി യ്ക്ക് പണം നൽകുന്നതിൽ കാലവിളംബം വരുത്തിയിട്ടുണ്ട്. ആയിനത്തിൽ വൈദ്യുതി ബോർഡിന് 1309.52 കോടി രൂപ 31.12.2012 വരെ പിരിഞ്ഞു കിട്ടാനുണ്ട് |
| (ബി) പ്രസ്തുത ഇനത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾ എത്ര രൂപാവീതം കുടിശ്ശിക വരുത്തിയിട്ടുണ്ടെന്നറിയിക്കുമോ ; | (ബി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളും കണക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) കുടിശ്ശികത്തുക ഈടാക്കുന്നതിലേക്കായി എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ; | (സി) കുടിശ്ശിക ഈടാക്കുവാൻ ബോർഡ് താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>1. വൈദ്യുത ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം യഥാസമയം വിച്ഛേദിക്കുക.<br>2. ആറ്മാസത്തിലേറെയായ് |

വിച്ഛേദിച്ചിരിക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചുമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.

3. കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക

4. പൂട്ടിക്കിടക്കുന്ന എച്ച്. ടി, എൽ.ടി വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ, പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത സമയത്തിനുമുന്നേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

5. ദീർഘകാലമായി പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ, അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയോ ചെയ്യുന്നുവെങ്കിലോ പലിശ 3 ശതമാനം ആയി ഇളവ് ചെയ്തു നൽകുക. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5 ശതമാനം ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടച്ചാൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6 ശതമാനവും 9 ശതമാനവും ആയിരിക്കുന്നതാണ്.

6. കോടതികളിൽ കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

(ഡി) കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ പട്ടികയിൽ സേവനരംഗത്ത് പ്രവർത്തിക്കുന്ന വകുപ്പുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ

(ഡി) സർക്കാർ ആശുപത്രികൾ, സംസ്ഥാന ജലഅതോറിറ്റി തുടങ്ങി സേവന രംഗത്ത് പ്രവർത്തിക്കുന്ന വകുപ്പുകൾ വൈദ്യുത ചാർജ്ജ് കുടിശ്ശിക വരുത്തിയാലും

| | | | |
|---|---|---|---|
| | ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിൽ പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ; | | പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധത്തിലുള്ള നടപടികളാണ് ബോർഡ് പിരിച്ചെടുക്കാൻ സ്വീകരിച്ചുവരുന്നത്. |
| (ഇ) | കെ. എസ്. ഇ. ബി. വൈദ്യുതി നൽകിയ വകയിൽ സ്വകാര്യ വ്യക്തികളും, വ്യവസായികളും എത്ര കോടി രൂപാ കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; | (ഇ) | വൈദ്യുത ചാർജ്ജ് കടിശ്ശികയിനത്തിൽ സ്വകാര്യ വ്യക്തികളും വ്യവസായികളും കൂടി 597.47 കോടി രൂപ 31.12.2012 ലെ കണക്കനുസരിച്ച് ബോർഡിനു നൽകാനുണ്ട്. വിശദാംശം അനുബന്ധം 2,3 ആയി ചേർക്കുന്നു |
| (എഫ്) | പ്രസ്തുത കുടിശ്ശിക വരുത്തിയിട്ടുള്ളവരിൽ 5 ലക്ഷം രൂപയ്ക്ക് മുകളിൽ നൽകുവാനുള്ളവരുടെ എണ്ണം അറിയിക്കുമോ ; | (എഫ്) | 5 ലക്ഷം രൂപയ്ക്ക് മുകളിൽ കടിശ്ശിക വരുത്തിയ ഹൈടെൻഷൻ വിഭാഗത്തിലുള്ള സ്വകാര്യ വ്യക്തികളുടെ എണ്ണം 379 ആണ്. |
| (ജി) | പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന്ബോർഡ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ആയതുമായി ബന്ധപ്പെട്ട കേസുകൾ എത്രയും പെട്ടെന്ന് അവസാനിപ്പിച്ച് തുക ഈടാക്കുവാൻ പ്രത്യേക നടപടിസ്വീകരിച്ചിട്ടുണ്ടോ ; | (ജി) | പ്രസ്തുത കടിശ്ശിക പിരിച്ചെടുക്കാൻ ബോർഡ് സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. വൈദ്യുത ചാർജ്ജ് കടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം യഥാസമയം വിഛേദിക്കുക.<br>2. ആറ് മാസക്കാലത്തിലേറെയായി വിഛേദിച്ചുകിടക്കുന്ന വൈദ്യുത കണക്ഷൻ അഴിച്ചുമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക.<br>3. കടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക.<br>4. പൂട്ടിക്കിടക്കുന്ന എച്ച്.ടി. വിഭാഗങ്ങളിലുള്ള വ്യവസായ സ്ഥാപനങ്ങൾ , പ്ലാന്റേഷനുകൾ എന്നിവ നിശ്ചിത തീയതിയ്ക്കുമുമ്പേ |

തുറന്നുപ്രവർത്തിക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലയളവിലെ ഡിമാന്റ് ചാർജ്ജ്/ ഫിക്സഡ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകുക.

5. ദീർഘ കാലമായി പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ തുറന്നു പ്രവർത്തിക്കുന്നുവെങ്കിലോ അന്തിമമായി കുടിശ്ശിക കണക്കുകൾ തീർപ്പാക്കുകയോചെയ്യുന്നുവെങ്കിലോ പലിശ 3 ശതമാനം ആയി ഇളവു ചെയ്ത് നൽകുക, മറ്റ് ഉപഭോക്താ ക്കൾക്ക് പലിശ 5 ശതമാനം ആയിരിക്കും. കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ അടച്ചാൽ മാത്രമേ മേൽ പ്രസ്താവിച്ച ഇളവുകൾ ലഭ്യമാകൂ. അല്ലാത്ത പക്ഷം പലിശ യഥാക്രമം 6 ശതമാനവും 9 ശതമാനവും ആയിരിക്കും.

6. കോടതികളിൽ കുടിശ്ശിക സംബന്ധിച്ച് നിലവിലുള്ള വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പാക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുക.

| | | |
|---|---|---|
| (എച്ച്) | കെ.എസ്.ഇ.ബി. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ പ്രസ്തുത കുടിശ്ശികകൾ എത്രയും പെട്ടെന്ന് പിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഉണ്ട്, സ്വീകരിച്ചുവരുന്നുണ്ട് |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്